പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1535

01-11-2019-ൽ മറുപടിക്ക്

## അഗ്രോ-സർവ്വീസ് സെന്ററുകൾ

**ചോദ്യം**

ശ്രീ. ഡി.കെ. മുരളി

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഗ്രോ- സർവ്വീസ് സെന്ററുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിൽ പുല്ലമ്പാറ കാർഷിക സേവന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ പുതിയതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, വാമനപുരം ബ്ലോക്കിൽ സ്ഥാപിതമായ അഗ്രോ സർവ്വീസ് സെന്റർ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ 07/03/2019 ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുതിയതായി അനുവദിച്ച സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷം അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ വാമനപുരം ബ്ലോക്കിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ 7/03/2019 ൽ TVC/TC/278/2019 നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. നാളിതുവരെ 07-03-2019, 04-06-2019 എന്നീ തീയതികളിലായി രണ്ടു ഹൈപവർ കമ്മിറ്റി കൂടിയിട്ടുണ്ട്.<br>8 അംഗങ്ങളടങ്ങുന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സേവന കേന്ദ്രത്തിന് ഫെസിലിറ്റേറ്ററെ നിയമിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത 15 അംഗങ്ങൾക്കും സ്റ്റൈപന്റും നൽകുന്നുണ്ട്. ഓഫീസ് രൂപീകരണവും കാർഷിക യന്ത്രങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായുള്ള ഷെഡിന്റെ നിർമ്മാണവും നടന്നുവരുന്നു. 50000 എണ്ണം പച്ചക്കറി തൈകളും 4000 എണ്ണം ഗ്രോബാഗുകളും ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇവയുടെ വിതരണവും സേവന കേന്ദ്രം വഴി നടപ്പിലാക്കി കഴിഞ്ഞു, യന്ത്രസാമഗ്രികൾക്കായുള്ള സപ്ലൈ ഓർഡർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി)യ്ക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാർഷിക സേവന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 6.9 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 5.06977 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സേവന കേന്ദ്രം. 2019 - 20 സാമ്പത്തിക വർഷത്തിലേക്കായി 96.736 ലക്ഷം രൂപയുടെ ബിസിനസ്സ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ കാർഷിക സേവന കേന്ദ്രത്തിന് നിലവിൽ 8,87,757/- രൂപയുടെ കാർഷിക യന്ത്രങ്ങൾ ലഭ്യമായിട്ടുണ്ട്. കാർഷിക സേവന കേന്ദ്രം നാളിതുവരെ 4.25 ലക്ഷം രൂപയുടെ കാർഷിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും 1.25 ലക്ഷം രൂപ അറ്റാദായം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ